**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 134** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>എം.ബി.ബി.എസ്. വിദ്യാർത്ഥികളിൽനിന്ന് ഈടാക്കിയ അധിക ഫീസ് തിരിച്ചു നൽകാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് എം.ബി.ബി.എസ്. വിദ്യാർത്ഥികളിൽനിന്ന് സ്വകാര്യ മെഡിക്കൽ കോളേജുകൾ ഈടാക്കിയ അഞ്ചാം വർഷ അധിക ഫീസ് തിരികെ നൽകുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ടി അധിക തുക വാങ്ങിയത് വിദ്യാർത്ഥികൾക്ക് തിരിച്ചു നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** എം.ബി.ബി.എസ് കോഴ്സിന്റെ അക്കാദമിക് പഠന കാലയളവ് നാലര വർഷം (54 മാസം) ആണെന്ന് നാഷണൽ മെഡിക്കൽ കമ്മീഷൻ(NMC) നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിശ്ചിത കാലയളവായ നാലര വർഷത്തേയ്ക്ക് മാത്രമേ മെഡിക്കൽ കോളേജുകൾ വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കാൻ പാടുള്ളൂ എന്നും കമ്മീഷൻ(NMC) നിർദ്ദേശിച്ചിട്ടുണ്ട്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**